ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.03.2025**

## പ്രധാനവാർത്തകൾ

1) പാർലമെന്റിൽ ബജറ്റ് സമ്മേളനത്തിന്റെ എട്ടാം ദിനമായ ഇന്ന് സഭാ നടപടികൾ പുരോഗമിക്കുന്നു ; ധനമന്ത്രി നിർമ്മലാ സീതാരാമൻ പാർലമെൻറിൽ ഇന്ന് പ്രത്യേക പ്രസ്താവന നടത്തും.

2) നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട് ; ആശാ പ്രവർത്തകരുടെ സമരത്തിൽ സർക്കാരിന് നിഷേധാത്മക നിലപാടെന്ന് പ്രതിപക്ഷം.

3) സെക്രട്ടറിയേറ്റിന് മുന്നിൽ ആശാപ്രവർത്തകരുടെ രാപ്പകൽ സമരം 40-ാം ദിവസത്തിൽ ; ആരോഗ്യപ്രവർത്തകരായി അംഗീകരിച്ചാൽ മാത്രമെ ആശാപ്രവർത്തകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകൂവെന്ന് മന്ത്രി എം ബി രാജേഷ്.

4) സംസ്ഥാനത്തെ എല്ലാ സ്കൂൾ ബസുകളിലും ക്യാമറ നിർബന്ധമാക്കിയെന്ന് മന്ത്രി കെ ബി ഗണേഷ്കുമാർ.

5) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപരിഹാരമായി 306 കോടി രൂപ വിതരണം ചെയ്തെന്ന് മന്ത്രി സജി ചെറിയാൻ.

6) ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 18-ാം സീസണിന് നാളെ കൊൽക്കത്തയിൽ തുടക്കമാകും..

RNU TVPM

*****************************************

## പാർലമെൻററ്

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ എട്ടാംദിനമായ ഇന്ന് സഭാനടപടികൾ പുരോഗമിക്കുന്നു. പാർലമെന്റിൽ ഇന്ന് ബജറ്റ് സംബന്ധിച്ച് ധനമന്ത്രി നിർമല സീതാരാമൻ പ്രത്യേക പ്രസ്താവന നടത്തും. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ സുപ്രധാന റിപ്പോർട്ടുകൾ ഇന്ന് സഭയുടെ മേശപ്പുറത്തുവയ്ക്കും. വിവിധ മന്ത്രാലയങ്ങളുടെ ധനാഭ്യാർഥനയുമായി ബന്ധപ്പെട്ട വോട്ടെടുപ്പ് നടക്കുന്നതിനാൽ എല്ലാ അംഗങ്ങളും സഭയിൽ ഹാജരാകണമെന്ന് ബിജെപി എംപിമാർക്ക് വിപ്പ് നൽകിയിട്ടുണ്ട്.

*****************************************

## പ്രതിപക്ഷ വാക്ക് ഔട്ട്

RNU TVPM

നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. ആശാ പ്രവർത്തകരുടെ സമരത്തിൽ സർക്കാർ നിഷേധാത്മക സമീപനം പുലർത്തുന്നുവെന്നാരോപിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. സബ് മിഷനിലൂടെയാണ് ആശാ പ്രവർത്തകരുടെ വിഷയം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സഭയിൽ ഉന്നയിച്ചത്. തുടർ ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിന് സർക്കാർ ശ്രമിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കേന്ദ്ര സർക്കാർ ആശാ പ്രവർത്തകരുടെ ഇൻസെൻറീവ് വർധിപ്പിക്കണം എന്ന ആവശ്യം യുഡിഎഫ് എംപി മാർ പാർലമെന്റിന് അകത്തും പുറത്തും ഉന്നയിച്ചിട്ടുണ്ടെന്നും വിഡി സതീശൻ ചൂണ്ടിക്കാട്ടി. സമരത്തോട് സർക്കാരിന് അനുഭാവ പൂർണമായ സമീപനമാണ് ഉള്ളതെന്നും ആശപ്രവർത്തകർ കടുംപിടിത്തം ഉപേക്ഷിച്ചാൽ സമരത്തിന് പരിഹാരമാകുമെന്നും മന്ത്രി എം ബി രാജേഷ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. എൽഡിഎഫ് സർക്കാർ ക്രമാനുഗതമായി ഇൻസെൻറീവ് വർധിപ്പിച്ചിട്ടുണ്ട്. ആശാവർക്കർമാരെ ആരോഗ്യപ്രവർത്തകരായി അംഗീകരിക്കാൻ

കേന്ദ്രസർക്കാർ തയാറായാൽ മാത്രമേ ശാശ്വത പരിഹാരം ഉണ്ടാകൂവെന്നും മന്ത്രി പറഞ്ഞു. എന്നാൽ മന്ത്രിയുടെ മറുപടിയിൽ തൃപ്തരാകാത്ത പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു.

*******************************************

## ആശാവർക്കർമാരുടെ സമരം

തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റിന് മുന്നിൽ ആശാപ്രവർത്തകർ നടത്തുന്ന രാപകൽ സമരം നാല്പതാം ദിവസത്തിലേക്ക് കടന്നു. സമരത്തിന്റെ അടുത്ത ഘട്ടം എന്ന നിലയ്ക്ക് ആരംഭിച്ച നിരാഹാര സമരം രണ്ടാം ദിവസവും തുടരുന്നു. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് ജനറൽ സെക്രട്ടറി M A ബിന്ദു, K P തങ്കമണി , R ഷീജ എന്നിവരാണ് നിരാഹാരമിരിക്കുന്നത്. വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ പിന്തുണ അറിയിച്ച് സമരപന്തലിൽ എത്തുന്നുണ്ട്. ആശാവർക്കർമാരുടെ സമരപ്പന്തൽ ഇന്ന് ഉച്ചയ്ക്ക് മുൻകേന്ദ്രമന്ത്രി വി മുരളീധരൻ സന്ദർശിക്കും. ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാമെന്നും സമരം അവസാനിപ്പിക്കണമെന്നും മന്ത്രി വീണാജോർജ് ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം ഡെൽഹി സന്ദർശിച്ച മന്ത്രി വീണ ജോർജ് കേന്ദ്രമന്ത്രി ജെ പി നദ്ദയുമായി വിഷയം ചർച്ച ചെയ്യുമെന്ന് അറിയിച്ചിരുന്നെങ്കിലും കൂടിക്കാഴ്ച നടന്നില്ല.

*******************************************

## കെ ബി ഗണേഷ് കുമാർ .... (ഇൻട്രോ)

സംസ്ഥാനത്തെ എല്ലാ സ്കൂൾ ബസുകളിലും ക്യാമറ നിർബന്ധമാക്കിയതായി ഗതാഗത മന്ത്രി കെ ബി ഗണേഷ്കുമാർ. നിരീക്ഷണ ക്യാമറ സ്ഥാപിച്ച സ്കൂൾ ബസുകൾക്ക് മാത്രമേ

RNU TVPM

ഇനിമുതൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവെന്നും മന്ത്രി ചോദ്യോത്തര വേളയിൽ അറിയിച്ചു.

(വോയ്സ്)

*******************************************

## ഒ ആർ കേളു.. (ഇൻട്രോ)

റെഗുലർ, ഫുൾ ടൈം ഗവേഷണം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, ഫെലോഷിപ് നൽകുന്ന പുതിയ പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുമെന്ന് മന്ത്രി ഒ ആർ കേളു.

(ഹോൾഡ്)

ഒന്നു മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 2, 87,139 വിദ്യാർത്ഥികൾക്ക് മാർഗദീപം പദ്ധതിയിലൂടെ വരുമാന പരിധി കണക്കാക്കാതെ സ്കോളർഷിപ് നൽകി വരുന്നതായും അദ്ദേഹം പറഞ്ഞു. മന്ത്രി വി അബ്ദുറഹിമാന് വേണ്ടിയാണ് മന്ത്രി ഒ ആർ കേളു നിയമസഭയെ ഇക്കാര്യം അറിയിച്ചത്.

PNU TVPM

*******************************************

## മന്ത്രി ആർ ബിന്ദു (ഇൻട്രോ)

സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് സംബന്ധിച്ച് കരട് ബിൽ പരിശോധിച്ചു വരുന്നതായി ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. നിയമനിർമ്മാണം അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി അറിയിച്ചു.

(വോയ്സ്)

*******************************************

## വിഴിഞ്ഞം

2016 നു ശേഷം വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി ജീവനോപാധി നഷ്ട പരിഹാര തുകയായി 306 കോടി രൂപ വിതരണം ചെയ്തതായി മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഇന്ന് നഷ്ടപരിഹാരമായി നൽകിയ 8.5 കോടി രൂപ ഉൾപ്പെടെയാണ് ഈ തുക. തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപരിഹാര വിതരണം വിഴിഞ്ഞം ടൗൺ സിം ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. മന്ത്രി വി എൻ വാസവനും ചടങ്ങിൽ പങ്കെടുത്തു .

*************************************

## മഹാമണ്ഡലേശ്വർ

മഹാകുംഭമേളയിൽ ജൂനാ അഖാഡയുടെ മഹാമണ്ഡലേശ്വർ ആയി അഭിഷിക്തനായ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് ഇന്ന് തിരുവനന്തപുരത്തെത്തും. കോട്ടയ്ക്കകം ലെവീ ഹാളിൽ വൈകിട്ട് നടക്കുന്ന ചടങ്ങിൽ അദ്ദേഹത്തെ ആദരിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും. മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി സ്വാമികൾ നാളെ പന്മന ആശ്രമവും ചട്ടമ്പിസ്വാമി സമാധി പീഠവും സന്ദർശിക്കും.

RNU TVPM

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

*************************************

## ആകാശവാണി കോട്ടയം P T C-നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള

അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് പ്രസാർ ഭാരതി വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ മേയ് 30 വരെ സ്വീകരിക്കും.

**************************************

## ആലപ്പുഴ നെല്ല് സംഭരണം....(ഇൻട്രോ

ആലപ്പുഴ കുട്ടനാട്ടിൽ കർഷകരും നെല്ല് സംഭരിക്കുന്ന മില്ലുടമകളും തമ്മിലുണ്ടായ തർക്കത്തിൽ പരിഹാരം കാണാത്തതിനാൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടരുന്നു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.**

(വോയ്സ്)

**************************************

## ലോക വനദിനം

ഇന്ന് ലോക വനദിനം. വനനശീകരണത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.ദിനാചരണത്തോട് അനുബന്ധിച്ച് സംസ്ഥാന വനംവകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളുടെ ഉദ്ഘാടനം മന്ത്രി എ.കെ ശശീന്ദ്രൻ തിരുവനന്തപുരത്തെ വനം വകുപ്പ് ആസ്ഥാനത്ത് നിർവഹിക്കുന്നു. വനമിത്ര പുരസ്കാരങ്ങൾ വിതരണം ചെയ്യും.

**************************************

## ഭൗമ മണിക്കൂർ

വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ഇന്ത്യയുടെ നേതൃത്വത്തിൽ ഭൗമ മണിക്കൂർ നാളെ ആചരിക്കും. രാത്രി 8.30 മുതൽ 9.30 വരെ വീടുകളിലും സ്ഥാപനങ്ങളിലും അത്യാവശ്യമല്ലാത്ത വൈദ്യുത

RNU TVPM

വിളക്കുകൾ അണച്ചാണ് ദിനാചരണത്തിൻറെ ഭാഗമാകേണ്ടത്. എല്ലാ വർഷവും മാർച്ച് അവസാനത്തെ ശനിയാഴ്ചയാണ് ഭൗമ മണിക്കൂർ ആചരിക്കുന്നത്.

*************************************

## ഇന്ത്യൻ പ്രീമിയർ ലീഗ്

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൻറെ 18-ാം സീസണിന് നാളെ തുടക്കം. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും തമ്മിലാണ് ഉദ്ഘാടന മത്സരം. രാത്രി 7.30 നാണ് മത്സരം.

*************************************

## ലോകകപ്പ് - ജപ്പാൻ

2026 ഫിഫ ഫുട്ബോൾ ലോകകപ്പിന് മത്സരിച്ചു യോഗ്യത നേടുന്ന ആദ്യ ടീമായി ജപ്പാൻ. ഏഷ്യൻ യോഗ്യതാ ചാമ്പ്യൻഷിപ്പിൽ ഇന്നലെ ബഹ്റൈനെ തോല്പിച്ചതോടെയാണ് ജപ്പാൻ യോഗ്യത നേടിയത്.

RNU TVPM

*************************************

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 164 പോയിൻ്റ് നേട്ടത്തിൽ 76,505 ലും . ദേശീയ ഓഹരി സൂചിക നിഫ്റ്റി 65 പോയിൻ്റ് ഉയർന്നു 23,266 ലും വ്യാപാരം തുടരുന്നു.സ്വർണ വില കുറഞ്ഞു . സ്വർണം ഗ്രാമിന് 40 രൂപ കുറഞ്ഞ് 8,270 രൂപയും, പവന് 320 രൂപ താഴ്ന്നു 66,160 രൂപയുമാണ് ഇന്നത്തെ വില.

*************************************

## ആകാശവാണി - സംഗീതോത്സവം

ആകാശവാണി കോഴിക്കോട് നിലയം 75-ാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ജൂബിലി വർഷത്തെ സ്വാതി തിരുന്നാൾ സംഗീതോത്സവം ഇന്ന് വൈകിട്ട് തളി കേസരി ഹാളിൽ നടക്കും.

****************************************************

## ആകാശവാണി - കോഴിക്കോട്

ആകാശവാണി കോഴിക്കോട് നിലയത്തിലെ പ്രമുഖ മൃദംഗ വിദ്വാനും മലബാർ മേഖലയിൽ കർണ്ണാടക സംഗീതം പ്രചരിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ച സംഗീതജ്ഞനുമായിരുന്ന പുതുക്കോട് എസ് കൃഷ്ണൻ്റെ ജൻമ ശതാബ്ദി ഈ മാസം 23ന് കോഴിക്കോട്ട് ചാലപ്പുറം ഭജനകോവിൽ ഓഡിറ്റോറിയത്തിൽ ആചരിക്കും.

**************************************************************************************************************************************************

RNU TVPM